ഇ.എം(4)37060/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:18.11.2015

## സർക്കുലർ നമ്പർ 48/2015.

വിഷയം- സഹകരണം - പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന- സർക്കാരിന്റെ 28.09.2015 ലെ സ. ഉ (കൈ) 124/2015 സഹ സർക്കാർ ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.07.2013 മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. 01.07.13 ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 40% ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്നതുകയോടൊപ്പം 6.5% ഫിറ്റ്മെന്റ് ലയിപ്പിച്ചു കിട്ടുന്ന തുക പുതുക്കിയ ശമ്പള സ്കെയിലിലെ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും ശമ്പളം ഫിക്സ് ചെയ്യാവുന്നതാണ്. പുതിയ ശമ്പള സ്കെയിലുകളിലേയ്ക്ക് വരുന്നതിന് 01.07.2013 മുതൽ 30.06.2014 വരെയുള്ള (രണ്ടു തീയതിയും ഉൾപ്പെടെ) കാലയളവ് ഓപ്ഷനുവേണ്ടി സ്വീകരിക്കാം. ഇപ്രകാരമുള്ള ഓപ്ഷൻ ഉത്തരവ് തീയതി മുതൽ 3 മാസത്തിനുള്ളിൽ രേഖാമൂലം ഇതോടൊപ്പമുള്ള നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ ഓപ്ഷൻ നൽകിയാൽ അത് അന്തിമമായിരിക്കും നിശ്ചിത സമയത്തിനുള്ളിൽ ഓപ്ഷൻ നൽകാതിരുന്നാൽ 01.07.2013 മുതൽ ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

2. പരിഷ്ക്കരിച്ച ശമ്പളസ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ അധികരിക്കുകയാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി നിശ്ചയിക്കേണ്ടതും ശേഷിക്കുന്ന തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതും ആയത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ പേഴ്സണൽ പേ എല്ലാ ആനുകൂല്യങ്ങൾക്കും അതായത് പിന്നീടുള്ള ശമ്പളനിർണ്ണയത്തിനും ലീവ്സാലറിക്കും ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്

3. ശമ്പള നിർണ്ണയത്തിന്ശേഷം പരിഷ്ക്കരിച്ച ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി വാങ്ങുന്ന ജീവനക്കാർക്ക് അവസാനം വാങ്ങിയ ഇൻക്രിമെന്റിന്റെ നിരക്കിൽ പ്രതിവർഷം ഒന്ന് എന്നകണക്കിൽ പരമാവധി മൂന്ന് സ്റ്റാഗിനേഷൻ ഇൻക്രിമെന്റു കൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

4. 01.07.2013 നോ അതിനു ശേഷമോ നടന്നിട്ടുള്ള നിയമനങ്ങൾ, ഉദ്യോഗക്കയറ്റങ്ങൾ എന്നിവയ്ക്ക് അതാത് തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിൽ അനുവദിച്ചു നൽകേണ്ടതാണ്. 01.07.2013 നു ശേഷം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ തീയതിക്കുമുമ്പുള്ള ഏതുതീയതിയും ഓപ്റ്റ് ചെയ്യാവുന്നതാണ്.

5. മുൻ ശമ്പള പരിഷ്ക്കരണങ്ങളിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കു കൂട്ടിയതുമൂലമോ ശമ്പള നിർണ്ണയം തെറ്റായി വ്യാഖ്യാനിച്ചതു കൊണ്ടോ അധികം വാങ്ങിയ തുകയ്ക്ക് മുൻ ഖണ്ഡികകൾ പ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതല്ല.

6. ഓപ്ഷൻ തീയതി മുതൽ പരിഷ്ക്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കി നൽകേണ്ടത്. എന്നാൽ ഓപ്ഷൻ തീയതി വരെ പഴയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത അനുവദിക്കേണ്ടത്.

7. കണ്ണട അലവൻസ് സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന നിരക്കിൽ അനുവദിക്കാവുന്നതാണ്. കണ്ണട അലവൻസ് നൽകിയ വിവരം തീയതി ഉൾപ്പെടെ ജീവനക്കാരുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

8. പ്യൂൺ, വാച്ച്മാൻ, അറ്റൻഡർ, റിക്കോർഡ് കീപ്പർ, ഡ്രൈവർ എന്നീ സബ് സ്റ്റാഫ് കാറ്റഗറിയിൽപ്പെടുന്നവർക്ക് 8 വർഷത്തെ സേവനത്തിന് ഒന്ന്, 16 വർഷത്തെ സേവനത്തിന് രണ്ട്, 23 വർഷത്തെ സേവനത്തിന് മൂന്ന്, 28 വർഷത്തെ സേവനത്തിന് നാല് എന്നിങ്ങനെ പരമാവധി 4 ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്. ക്ലാർക്ക്, ടൈപ്പിസ്റ്റ്, കാഷ്യർ തുടങ്ങി സെക്രട്ടറി വരെയുള്ള ഇതര കാറ്റഗറിയ്ക്ക് 8 വർഷത്തെ സേവനത്തിന് ഒന്ന്, 16 വർഷത്തെ സേവനത്തിന് രണ്ട് എന്നിങ്ങനെ പരമാവധി 2 സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കാവുന്നതാണ്.

9. ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ ഹയർഗ്രേഡായി അനുവദിക്കാവുന്നതാണ്. എന്നാൽ ഉദ്യോഗക്കയറ്റത്തിന് നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ജീവനക്കാർക്കും ഉദ്യോഗക്കയറ്റത്തിന് തസ്തികയില്ലാത്ത ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണ ഉത്തരവിലെ അനുബന്ധം II-ൽ ചേർത്തിട്ടുള്ള ശമ്പള സ്കെയിൽ ഹയർഗ്രേഡായി അനുവദിക്കാവുന്നതാണ്.

10. ബാങ്കിന്റെ പ്രവർത്തനപരിധി ഒരു താലൂക്കോ ഒന്നിലധികം താലൂക്കോ ആണെങ്കിലും പി.റ്റി.എ പ്രതിമാസം 900 രൂപ അയിരിക്കുന്നതാണ്.

11. ശമ്പള പരിഷ്ക്കരണ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയമോ അപാകതയോ ഉണ്ടെങ്കിൽ സ്ഥാപനത്തിലെ സെക്രട്ടറിയോ മുഖ്യ ഉദ്യോഗസ്ഥനോ ആതാത് ജില്ലകളിലെ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗനിർദ്ദേശം വാങ്ങേണ്ടതാണ്. പൊതുവായ വിശദീകരണമോ വ്യാഖ്യാനമോ ആവശ്യമുണ്ടെങ്കിൽ ആയത് സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

12. സഹകരണ സ്ഥാപനത്തിലെ ചീഫ്എക്സിക്യൂട്ടീവിന്റെയും ബാങ്കിന്റെ, ആഡിറ്റർ/ കൺകറന്റ് ആഡിറ്ററുടെയും സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മറ്റ് ജീവനക്കാരുടെ ശമ്പളം സംഘം ഭരണസമിതി നിർണ്ണയിച്ചു നൽകേണ്ടതാണ്.

13. ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവിന്റെ ശമ്പള നിർണ്ണയം ബാങ്ക് ഭരണസമിതിയുടെ തീരുമാനത്തിന്റെയും ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അംഗീകരിച്ചു നൽകേണ്ടതാണ്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും ജില്ലാജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട ബാങ്കുകളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും, ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചിട്ടുള്ളത് സൂചന ഉത്തരവ് സർക്കുലർ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ, യൂണിറ്റ്/കൺകറന്റ് ആഡിറ്റർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്.ഇപ്രകാരം നടത്തുന്ന പരിശോധനയുടെ പൂർത്തീകരണ റിപ്പോർട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും സർക്കാർ ഉത്തരവിനും സർക്കുലറിനും വിരുദ്ധമായി ശമ്പള നിർണ്ണയം നടത്തി അധിക ബാധ്യത വന്നിട്ടുണ്ടെങ്കിൽ ടി ബാധ്യത ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:

1. സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   എല്ലാ ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്)മാർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്)മാർക്കും ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്)മുഖേന
5. എഡിറ്റർ, സഹകരണ വീഥി, സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
6. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
7. ഈ ആഫീസിലെ എല്ലാ ആഫീസർമാക്കും, സെക്ഷൻ തലവൻമാർക്കും
8. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)

ANNEXURE –I

**Statement of fixation of Pay Consequent on Revision of Scales of pay as per G.O .(P) No.124/2015/Co-op.dated:28.09.2015**

1. Name of Bank :
2. Name of employee :
3. Designation(as on the date of option) :
4. Date of option :
5. Date of entry in regular service :
6. Number of completed years of qualifying service :
7. Existing scale of pay :
8. Revised scale of pay :
9. Existing basic pay :
10. Add 40% DA of the Existing Basic pay :
11. Total (Column 9+10) :
12. Add 6.5 % of the total in Column No.11 towards fitment benefit :
13. Total (Column 11+12)
14. Stage at which pay fixed in the revised Scale :
15. Service weightage if any (4 yrs -1, 9 yrs -2 , 14 yrs -3)
16. Total (Column 14+15)
17. Basic Pay fixed as on option date :
18. Date of increment :
19. Remarks / Recommendation :

Signature of the Head of Office

ANNEXURE- II

FORM OF OPTION

- (i) I.......................................................................................hereby elect to come under the Revised Scale of Rs................................................... with effect from......................................................
- (ii) I ...........................................................hereby elect to continue in the existing scale of Rs........................................................of my officiating post mentioned below will........................................

Station :

Date :

Signature :

Name :

Designation:

- to be scored off if not application

DECLARATION

I ......................................................................................hereby declare; that I am bound to refund the excess pay and allowances if any received by me due to wrong calculation or by any other means in the fixation of pay and allowances as per G.O No. ..............................................and I undertake to refund such excess amount from my salary as and when directed.

Signature :

Name :

Designation:

ANNEXURE-III

CERTIFICATE/RECOMMENDATION OF AUDITOR / CONCURRENT AUDITOR

Certified that I have verified the entries in the statement with Service Book of Sri/Smt ........................................................(Name) ............................................... (Designation ) and found that the fixation statement is correct and drawn as per G.O (P) No.124/2015/Co-op.dated:28.09.2015 and Circular No. 48/2015 of the Registrar of Co-operative Societies.

Name :
Designation :

Place :
Date :
Committee Resolution No. and date ........................................................

Signature of the President / Administrator:

Approved by
Assistant Registrar ( G)/ Joint Registrar (G)

(Office Seal)